# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 284     03.04.2013 ലെ മറുപടിക്ക്

## മഹാത്മാഗാന്ധി പ്രവാസി സുരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. പി. എ. മാധവൻ:<br>ശ്രീ. ആർ. സെൽവരാജ്: | | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) മഹാത്മാഗാന്ധി പ്രവാസി സുരക്ഷാപദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | ECR രാജ്യങ്ങളിൽ കുടിയേറിയ പ്രവാസി ഭാരതീയ തൊഴിലാളികൾക്ക് വേണ്ടി കേന്ദ്ര പ്രവാസിഭാരതീയകാര്യ മന്ത്രാലയത്തിന്റെ (MOIA) ഒരു സംയോജിത സാമൂഹ്യ സുരക്ഷാ പദ്ധതിയാണ് മഹാത്മാ ഗാന്ധി പ്രവാസി സുരക്ഷാ പദ്ധതി. ഈ പദ്ധതി വിദേശത്ത് ജോലി ചെയ്യുന്ന സമയത്ത് സ്വാഭാവിക മരണമോ, അപകടം മൂലം മരണമോ, സ്ഥിരമായ അംഗവൈകല്യമോ സംഭവിക്കുന്ന പക്ഷം ഇൻഷുറൻസ് പരിരക്ഷ നൽകുകയും പുനരധിവാസ-ത്തിനും വാർദ്ധക്യ പെൻഷനും വേണ്ടി സമ്പാദ്യം സമാഹരിക്കാൻ സഹായി-ക്കുകയും ചെയ്യുന്നു. പെൻഷൻ പുനരധിവാസ കാര്യങ്ങളിൽ പ്രോത്സാ-ഹിപ്പിക്കുന്നതിനും പിൻതുണയ്ക്കുന്നതി-നുമായി MOIA സഹവിഹിതം നൽകുകയും ഇൻഷുറൻസ് പരിരക്ഷ സൗജന്യമായി നൽകുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) വിദേശത്തുനിന്നും മടങ്ങിയെത്തുന്ന പ്രവാസികളുടെ ഭാവി ജീവിതം സുരക്ഷിതമാക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:<br>1. പി. എഫ്. ആർ. ഡി. എ (PFRDA) യുടെ നിയന്ത്രണത്തിലുള്ള എൻ. പി. എസ് ലൈറ്റ് (NPS - Lite) മുഖാന്തിരം നടപ്പിലാക്കുന്ന വാർദ്ധക്യകാല പെൻഷൻ;<br>2. മന്തിലി ഇൻകം സ്കീമിലൂടെ (എം.ഐ.എസ്) തിരിച്ചുവരുന്നതിനും വീണ്ടും സ്ഥിരതാമസമാക്കുന്നതിനും വേണ്ട സമ്പാദ്യം (ആർ & ആർ);<br>3) ഐ. ആർ. ഡി. എ. നിയന്ത്രണത്തിലുള്ള ഒരു ഇൻഷ്വറൻസ് കമ്പനി മുഖേന സ്വാഭാവിക മരണം, അപകട മരണം അഥവാ സ്ഥിരമായ അംഗവൈകല്യം എന്നിവക്ക് ഇൻഷ്വുറൻസ് പരിരക്ഷ. |
| (സി) ഏതെല്ലാം രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന പ്രവാസികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | 18 നും 50 നും മദ്ധ്യേ പ്രായമുള്ളവരും ഇ.സി.ആർ (ECR) പാസ്പോർട്ട് കൈവശമുള്ളതും ഒരു ഇ.സി.ആർ. രാജ്യത്തെ പ്രാബല്യത്തിലുള്ള വർക്ക് പെർമിറ്റ് അഥവാ തൊഴിൽ കരാർ ഉള്ളതോ ആയ ഒരാൾക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്. |
| (ഡി) സംസ്ഥാനത്ത് പ്രസ്തുത കേന്ദ്ര പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ഔദ്യോഗിക ബാങ്കായ 'ദി ബാങ്ക് ഓഫ് ബറോഡ' പരിപോഷിപ്പിക്കുന്ന ഈ കേന്ദ്ര പദ്ധതിയുടെ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ രണ്ട് ഓഫീസുകൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ